**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4690** **10-08-2021 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ഡ്വാർഫ് പാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്റഫ് | | Smt J Chinchurani (മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന മൃഗസംരക്ഷണ വകുപ്പ് കാസർഗോഡ് ജില്ലയിൽ കാസർഗോഡ് ഡ്വാർഫ് പാർക്ക് എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതി എവിടെയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | ഉണ്ട്. കുമ്പള പഞ്ചായത്തിൽ ബംബ്രാണ വില്ലേജിൽ അമ്പിലടുക്ക എന്ന സ്ഥലത്താണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തൊക്കെയാണെന്നും ഇതിനാവശ്യമായി ഫണ്ട് കണ്ടെത്തുന്നത് എവിടെ നിന്നാണെന്നും പദ്ധതിയുടെ അടങ്കൽ തുക എത്രയാണെന്നും വ്യക്തമാക്കുമോ; | (ബി) | കാസറഗോഡ് കുള്ളൻ പശുക്കളുടെ സംരക്ഷണത്തിനും ആയത് സംബന്ധിച്ച ഗവേഷണത്തിനും വികസനത്തിനും വേണ്ടിയാണിത്. ടൂറിസ്റ്റ് സാധ്യതകൾ പരിഗണിച്ച് ഫാം സന്ദർശനത്തിന് പൊതുജനങ്ങൾക്ക് അവസരമൊരുക്കുന്ന കാര്യവും പരിഗണനയിലാണ്. പദ്ധതിയുടെ അടങ്കൽ തുക – 7.21 കോടി രൂപ. പശു അടിസ്ഥാനമാക്കിയുള്ള ഉല്പാദനങ്ങളുടെ വിപണനവും ടി പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. |
| (സി) | പ്രസ്തുത പദ്ധതിയുടെ നേട്ടങ്ങൾ എന്തൊക്കെയാണ്; പദ്ധതി ടൂറിസം സാധ്യതയുള്ള പ്രോജക്ടാണോ; വിശദവിവരങ്ങൾ വ്യക്തമാക്കുമോ; | (സി) | കാസറഗോഡ് കുള്ളൻ പശുക്കൾ സംരക്ഷിക്കപ്പെടും. കാസറഗോഡ് കുള്ളൻ പശുക്കളെക്കുറിച്ച് ഗവേഷണവും പഠനങ്ങളും നടക്കും. ടൂറിസം സാധ്യതയുള്ള പ്രൊജക്ടായതിനാൽ ഫാം സന്ദർശനത്തിന് പൊതുജനങ്ങൾക്ക് അവസരമുണ്ടാകും |
| (ഡി) | നിലവിൽ പദ്ധതി ഏത് ഘട്ടത്തിലാണ്; ആയതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; ഭരണാനുമതിക്കായി ബന്ധപ്പെട്ടവർക്ക് പ്രോജക്ട് സമർപ്പിച്ചിട്ടുണ്ടോ; പദ്ധതിക്ക് ഈ വർഷം തന്നെ ഭരണാനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | കാസറഗോഡ് ജില്ലാ കളക്ടർ, കേന്ദ്രഗവൺമെന്റിന്റെ ആനിമൽ ഹസ്ബന്ററി ആന്റ് ഡയറിയിംഗ് വകുപ്പിന് നേരിട്ട് പ്രോജക്ട് സമർപ്പിച്ചിട്ടുണ്ട്, ആയതിന്റെ പകർപ്പ് സംസ്ഥാന സർക്കാറിനും ലഭ്യമാക്കിയിട്ടുണ്ട്. ടി പദ്ധതി വിശദമായും സാങ്കേതികമായും പരിശോധിക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയത് പരിശോധിച്ച് വിശദറിപ്പോർട്ട് സർക്കാരിൽ ലഭ്യമാകുന്ന മുറയക്ക് ശുപാർശ ചെയ്ത് കേന്ദ്ര സർക്കാരിൽ സമർപ്പിക്കാനുള്ള നടപടികൾ |

| | | | |
|---|---|---|---|
| | | | സ്വീകരിക്കുന്നതാണ്. പദ്ധതിക്കുള്ള തുക കണ്ടെത്തുവാൻ ഉദ്ദേശിക്കുന്നത് കേന്ദ്ര സർക്കാരിന്റെ രാഷ്ട്രീയ കാമധേനു ആയോഗിന്റെ കീഴിലുള്ള "National Cow Circuit Programme" ൽ നിന്നാണ്. പദ്ധതിക്ക് ആവശ്യമായ സ്ഥലം ഇതുവരെ മൃഗസംരക്ഷണ വകുപ്പിന് കൈമാറിക്കിട്ടിയിട്ടില്ല. |

സെക്ഷൻ ഓഫീസർ